**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1450** **01-07-2026-ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നത് തുടരുമോ; വ്യക്തമാക്കാമോ;

**മറുപടി:** തുടരും.

**(ബി)** 2026 - 27 സാമ്പത്തിക വർഷത്തെ ബജറ്റിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള വിഹിതമായി മാറ്റി വെച്ചിരിക്കുന്നത് എത്ര തുകയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 2026 - 27 സാമ്പത്തിക വർഷത്തെ ബജറ്റിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള വിഹിതമായി 250 കോടി രൂപ “2075-00-800-40-NV-Contribution to Chief Minister’s Distress Relief Fund” എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

**(സി)** 2011 മുതൽ 2026 വരെയുള്ള ഓരോ ബജറ്റിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള വിഹിതമായി എത്ര വീതം തുകയാണ് മാറ്റിവെച്ചതെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

**മറുപടി:** അനുബന്ധം 1 ആയി ചേർക്കുന്നു.

**(ഡി)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ചികിത്സാ ധനസഹായത്തിന് ബദലായാണോ ബജറ്റ് പ്രസംഗത്തിൽ 'വൺ കേരള കരുതൽ മിഷൻ' പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

**മറുപടി:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ചികിത്സാ ധനസഹായത്തിന് ബദലായിട്ടല്ല ബജറ്റ് പ്രസംഗത്തിൽ 'വൺ കേരള കരുതൽ മിഷൻ' പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. 2026-27 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ള 'വൺ കേരള കരുതൽ മിഷൻ' എന്ന പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 1

| സാമ്പത്തിക വർഷം | ബഡ്ജറ്റ് പ്രൊവിഷൻ |
|---|---|
| 2011-12 | ടോക്കൺ |
| 2012-13 | 5 |
| 2013-14 | 15 |
| 2014-15 | 15 |
| 2015-16 | 20 |
| 2016-17 | 200 |
| 2017-18 | 200 |
| 2018-19 | 150 |
| 2019-20 | 200 |
| 2020-21 | 200 |
| 2021-22 | 200 |
| 2022-23 | 250 |
| 2023-24 | 250 |
| 2024-25 | 250 |
| 2025-26 | 250 |

# അനുബന്ധം 2

വൺ കേരള കരുതൽ മിഷൻ

മാരക രോഗങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ സാധിക്കാത്തതും, കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് കഴിയാത്ത തരത്തിൽ സാമ്പത്തിക പരാധീനത അനുഭവിക്കുന്നതുമായ ഒരു വിഭാഗം ഇന്നും കേരളത്തിലുണ്ട്. ഇത്തരത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് സഹായം നേരിട്ട് എത്തിക്കുന്നതിനുള്ള ഒരു സാങ്കേതികവിദ്യാധിഷ്ഠിത പ്ലാറ്റ്ഫോമായി 'വൺ കേരള കരുതൽ മിഷൻ' സ്ഥാപിക്കും. സർക്കാരിതര സംഘടനകൾ, സി.എസ്.ആർ. ഫണ്ടുകൾ, സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള സഹായം എന്നിങ്ങനെ സംഭാവനയായി ലഭിക്കുന്ന ഓരോ രൂപയും അർഹരായവരിൽ തന്നെ എത്തിച്ചേരണം എന്ന സുതാര്യവും വിട്ടുവീഴ്ചയില്ലാത്തതുമായ തത്വമായിരിക്കും ഈ മിഷന്റെ അടിസ്ഥാനം. ഇതിന്റെ ഭരണപരവും പ്രവർത്തനപരവുമായ ചെലവുകൾ സർക്കാർ നേരിട്ട് വഹിക്കുകയും സംഭാവനകൾ പൂർണ്ണമായും കാരുണ്യ പ്രവർത്തനങ്ങൾക്ക് മാത്രമായിരിക്കും ഉപയോഗപ്പെടുക എന്ന് ഉറപ്പ് വരുത്തുകയും ചെയ്യും. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സമയബന്ധിതമായ സഹായം ഉറപ്പാക്കുന്നതിനൊപ്പം സംഭാവന നല്കുന്നവരിൽ വിശ്വാസം വളർത്തിയെടുക്കുന്നതിനായി ഡിജിറ്റൽ വെരിഫിക്കേഷൻ സംവിധാനങ്ങൾ, സുതാര്യമായ ഗുണഭോക്തൃ തിരിച്ചറിയൽ പ്രോട്ടോക്കോളുകൾ, തത്സമയ പൊതു വെളിപ്പെടുത്തൽ (Real-Time Public Disclosure) സംവിധാനങ്ങൾ തുടങ്ങിയവ ഇതിനായി പ്രയോജനപ്പെടുത്തും. ഈ പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.